കരുത്തുറ്റ ജനാധിപത്യത്തിന് വിപുലമായ ജനപങ്കാളിത്തം

## ഇൻഡ്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ




# പ്രത്യേക സംക്ഷിപ്ത വോട്ടർപട്ടിക പുതുക്കൽ 2012

2012 ജനുവരി 1 യോഗ്യതാ തീയതിയായി നിശ്ചയിച്ച് കേരളത്തിലെ നിയമസഭാ മണ്ഡലങ്ങളിലെ വോട്ടർ പട്ടികകൾ പുതുക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചു കൊണ്ട് ഇൻഡ്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം പുറപ്പെടുവിച്ചു. 2012 ജനുവരി 1-നോ അതിനുമുമ്പോ 18 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളവർക്കും ഇതുവരെ പേര് ചേർത്തിട്ടില്ലാത്തവർക്കും വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും നിലവിലുള്ള പട്ടികയിൽ തിരുത്തലുകൾ വരുത്തുന്നതിനും സ്ഥലംമാറിപ്പോയവർക്ക് പുതിയ താമസസ്ഥലത്ത് പേര് ചേർക്കുന്നതിനും, അനർഹരായവരുടെ പേരുകൾ പട്ടികയിൽ നിന്ന് നീക്കുന്നതിന് ആക്ഷേപങ്ങൾ ഉന്നയിക്കുന്നതിനും അവസരം ലഭിക്കും.

2011 ഒക്ടോബർ 7-ന് കരട് വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തും. ജില്ലാ കളക്ടറേറ്റുകൾ, താലൂക്ക്/വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിലും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിലും (www.ceo.kerala.gov.in) പൊതുജനങ്ങൾക്ക് പരിശോധനയ്ക്ക് ലഭ്യമായിരിക്കും. നിങ്ങളുടെപോളിംഗ് ബൂത്തിന്റെ ചുമതലയുള്ള ബൂത്ത് ലെവൽ ഓഫീസർമാരുടെ പക്കലും അതാതു ബൂത്തിന്റെ അച്ചടിച്ച പട്ടിക ലഭ്യമായിരിക്കും.

## വോട്ടർ പട്ടികയിൽ പേര് നിലവിലുണ്ടോയെന്നും ബൂത്ത് ഏതാണെന്നും അറിയുന്നതിനുള്ള ലളിതമായ മാർഗ്ഗങ്ങൾ

1. ചീഫ് ഇലക്ടറൽ ഓഫീസറുടെ വെബ്സൈറ്റിലെ (Electoral Roll Search) സംവിധാനം.

2. കോൾ സെന്റർ ഫോൺ നമ്പർ 1950-ൽ നേരിട്ട് വിളിച്ച് അന്വേഷിക്കാം.

3. ജില്ലാ കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകളിലെ ടച്ച് സ്ക്രീൻ (Touch Screen) സംവിധാനത്തിലൂടെ പരിശോധിക്കാം.

4. ജില്ലാ കളക്ടറേറ്റുകൾ, താലൂക്ക്/വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിലും അച്ചടിച്ച പട്ടിക പരിശോധിക്കാം.

5. ബൂത്ത് ലെവൽ ഓഫീസർമാരുടെ പക്കലും അതാതു ബൂത്തിന്റെ അച്ചടിച്ച പട്ടിക പരിശോധിക്കാം.

6. ELE<space> തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് നമ്പർ 54242 എന്ന നമ്പരിലേക്ക് എസ്.എം.എസ്. അയച്ചാൽ വിവരങ്ങൾ ലഭിക്കും.

പ്രസിദ്ധീകരിച്ചിട്ടുള്ള കരട് വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടുണ്ടോ എന്ന് എല്ലാവരും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ് കാരണം പേരുൾപ്പെട്ട ബൂത്തിന്റെ പരിധിയിലെ താമസസഥലത്തുനിന്നും ഏതെങ്കിലും കാലയളവിൽ മാറിപ്പോയിട്ടുള്ളവരുടെ പേരുകൾ പട്ടികയിൽ നിന്ന് നീക്കിയിരിക്കാൻ സാധ്യതയുണ്ട്. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് കൈവശമുണ്ടെങ്കിലും വോട്ടർ പട്ടികയിൽ പേരില്ലെങ്കിൽ വോട്ട് ചെയ്യാൻ സാധിക്കുകയില്ല.

1. പുതുതായി പേര് ചേർക്കുന്നതിനും മറ്റ് മണ്ഡലങ്ങളിലേക്ക് പേര് മാറുന്നതിനും **ഫാറം നമ്പർ 6.**
2. നിലവിലുള്ള പട്ടികയിൽ നിന്നും പേര് നീക്കം ചെയ്യുന്നതിന് **ഫാറം നമ്പർ 7.**
3. വോട്ടർപട്ടികയിൽ കടന്നുകൂടിയ തെറ്റുകൾ തിരുത്തുന്നതിന് **ഫാറം നമ്പർ 8.**
4. മണ്ഡലത്തിനുള്ളിലെ ഒരു ബൂത്തിൽ നിന്നും മറ്റൊരു ബൂത്തിലേക്ക് പേര് മാറുന്നതിന് **ഫാറം നമ്പർ 8(എ).**
5. വിദേശത്തുള്ള ഇൻഡ്യൻ പൗരന്മാർക്ക് അവരുടെ പാസ്പോർട്ടിൽ ചേർത്തിട്ടുള്ള സ്വദേശത്തെ താമസസ്ഥലത്ത് പേര് ചേർക്കുന്നതിന് **ഫാറം നമ്പർ 6(എ).**

***ഒക്ടോബർ 7 മുതൽ നവംബർ 1 വരെ അപേക്ഷകൾ സ്വീകരിക്കും. ബന്ധപ്പെട്ട താലൂക്ക്/വില്ലേജ് ഓഫീസുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.***

**അപേക്ഷകൾ എല്ലാ ദിവസങ്ങളിലും താലൂക്ക് / വില്ലേജ് ഓഫീസുകളിലും നിങ്ങളുടെ സൗകര്യാർത്ഥം**
**2011 ഒക്ടോബർ 16 (ഞായർ), 23 (ഞായർ), 30 (ഞായർ)**
**എന്നീ തീയതികളിൽ രാവിലെ 9 മുതൽ വൈകുന്നേരം 5 മണി വരെ അതാതു സ്ഥലത്തെ പോളിംഗ് ബൂത്തുകളിലും സൗജന്യമായി ലഭിക്കുകയും പൂരിപ്പിച്ച അപേക്ഷസ്വീകരിക്കുകയും ചെയ്യും.**

അപേക്ഷകൾ പൂരിപ്പിക്കുമ്പോൾ പേര്, മാതാപിതാക്കളുടെ പേര്, മേൽവിലാസം, നേരത്തെ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിരുന്നെങ്കിൽ അതിന്റെ വിവരങ്ങൾ, തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ നമ്പർ എന്നിവ വ്യക്തമായി ചേർക്കേണ്ടതാണ്. മലയാളത്തിൽ അപേക്ഷകൾ പൂരിപ്പിക്കുന്നവർ പേര് ബ്രാക്കറ്റിൽ ഇംഗ്ളീഷിൽ കൂടി എഴുതുന്നത് അഭിലഷണീയമായിരിക്കും.

ഇപ്പോൾ അപേക്ഷ സമർപ്പിക്കുന്നതിന് ക്യൂ നിന്ന് മുഷിയേണ്ട.




ഹിയറിംഗിന് ഹാജരാകുന്നതിന് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള തീയതികളിൽ നിന്ന് നിങ്ങൾക്ക് സൗകര്യപ്രദമായ തീയതി സ്വയം തെരഞ്ഞെടുക്കാം.

ഒന്നിലധികം സ്ഥലത്ത് വോട്ടർ പട്ടികയിൽ പേര് ചേർക്കുകയോ, നിലനിർത്തുകയോ ചെയ്യുന്നതും തെറ്റായ വിവരങ്ങൾ ചേർക്കുന്നതും കുറ്റകരമാണ്.കുറ്റമറ്റ വോട്ടർ പട്ടിക തയ്യാറാക്കുന്നതിന് ഏവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു

2012 ജനുവരി 5-ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. സമ്മതിദായകരുടെ ദേശീയ ദിനമായി ആചരിക്കുന്ന ജനുവരി 25ന് എല്ലാ ബൂത്തുകളിലൂടെയും തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നതാണ്.

ചീഫ് ഇലക്ടറൽ ഓഫീസർ,കേരളം

varghese punalur